**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2728** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ വൈവിധ്യവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനു ശേഷം സഹകരണ മേഖലയുടെ വൈവിധ്യവത്കരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സഹകരണ മേഖലയുടെ വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വനിത സഹകരണ സംഘങ്ങൾ വഴി മിതമായ നിരക്കിൽ മാസ്ക്, ഹാന്റ് വാഷ്, സാനിറ്റൈസർ, കാരിബാഗ്, പി.പി.ഇ കിറ്റ് മുതലായവ കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിച്ച് വിവിധ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വിവിധ ജില്ലകളിലായി 10 വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.<br><br>2. കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണസംഘം രൂപീകരിക്കുന്ന പദ്ധതി.<br><br>3. സഹകരണ നവരത്നം ബംബർ ലോട്ടറി നടത്തിപ്പിലൂടെ ലഭിച്ച ലാഭവിഹിതത്തിൽ നിന്നും അശരണരായ സഹകാരികൾക്ക് ധനസഹായം നൽകുക എന്ന പദ്ധതി.<br><br>4. ഒരു ജില്ലയിൽ ഒന്നു വീതം 14 ജില്ലകളിലും പട്ടികജാതി / പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളുടെ രൂപീകരണം<br><br>5. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ കിംബ് (KIMB) എന്ന സ്ഥാപനത്തെ നൈപുണ്യവികസനകേന്ദ്രമായി |

(Skill and Knowlege Development Centre) ഉയർത്തുന്നതിനുള്ള പദ്ധതി.

6. ജില്ലകളിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ ഫുട്ബോൾ / ക്രിക്കറ്റ് / ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്ന പദ്ധതി.

7. സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്കരിച്ച "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി.

8. കേരളത്തിലെ സഹകരണ പ്രസ്ഥാനം പ്രളയത്തിന്റേയും, കോവിഡ് മഹാമാരിയുടെയും കഴിഞ്ഞകാല അനുഭവങ്ങൾ കൂടി കണക്കിലെടുത്ത് സാധാരണക്കാരുടെ കുടുംബജീവിതത്തിന് സാമൂഹ്യ-സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്ന ഒരു പ്രത്യേക പദ്ധതിക്കു കൂടി രൂപം നൽകുകയാണ്. പ്രകൃതി ദുരന്തങ്ങളുടെ മഹാമാരിയുടെ, മറ്റ് അടിയന്തിര സാഹചര്യങ്ങളിൽ വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങൾക്ക് ഇത്തരം അടിയന്തിര സാഹചര്യങ്ങളെ അതിജീവിക്കാൻ ഒരു പ്രത്യേക നിക്ഷേപം പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഗവൺമെന്റിന്റെ മൂന്നാം നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടമായി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി "കുടുംബത്തിന് ഒരു കരുതൽ ധനം" എന്ന നിക്ഷേപ പദ്ധതി നടപ്പിലാക്കി.

9. നിരാലംബരും അശരണരുമായ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി അശരണരായ സഹകാരികൾക്ക് ആശ്വാസനിധി എന്ന പദ്ധതി.

**10.** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ യുവജനങ്ങളെ സഹകരണ മേഖലയിൽ മുന്നോട്ട് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 3-ാം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിൽ കോട്ടയം താലൂക്ക് യുവജന വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ K1244, കണ്ണൂർ ജില്ലയിൽ കണ്ണൂർ ജില്ലാ യുവ വനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2162, തൃശ്ശൂർ ജില്ലയിൽ കൊരട്ടി യുവവനിത സഹകരണ സംഘം ക്ലിപ്തം നമ്പർ R 1566 എന്നീ മൂന്നു യുവവനിത സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്.

11. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോട് പ്രവർത്തിക്കുന്ന കലാകാരന്മാരുടെ സംഘവും ഗിഗ്/ ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം (ShopCosFed) എന്ന പേരിൽ സംഘം രൂപികരിച്ചു.

12. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി രൂപീകരിക്കുകയുണ്ടായി കൂടാതെകേരളത്തിലെ ഐ.ടി & സയൻസ് ആൻഡ് ടെക്നോളജി പ്രൊഫെഷനലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ ടി പ്രൊഫഷണൽ കോപ്പറേറ്റീവ് സൊസൈറ്റിയും രൂപികരിക്കുകയുണ്ടായി.

13. പ്രാദേശിക ദേശീയ അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേയ്ക്കായി പരിസ്ഥിതി സൗഹാർദ്ദപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സ്റ്റേഡിയങ്ങൾ, കുളങ്ങൾ എന്നിവ പാട്ടത്തിനും, പുതുതായി നിർമ്മിച്ച് ഏറ്റെടുത്ത് കുട്ടികൾക്ക് കായിക പരിശീലനം നൽകുക, സ്കൂളുകൾ, കോളേജുകൾ പ്രാദേശിക അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തി കായികാഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലിപ്പിക്കുക, കായിക വിനോദങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം വിതരണം, സ്പോർട്ട്സ് സ്കൂളുകളും കോളേജുകളും ആരംഭിക്കുക, സ്പോർട്ട്സ്/ അത്ലറ്റിക്സ് മത്സരങ്ങൾ ഏറ്റെടുത്ത് നടത്തുക, ആയുഷ് വകുപ്പുമായി സഹകരിക്കുക, യോഗ ക്ലാസ്സുകൾ ആരംഭിക്കുക, പ്രകൃതി ചികിത്സ, ആയുർവേദ ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്കായി

കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുകയുണ്ടായി.

14. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ, സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ടൂർഫെഡിന്റെ കീഴിൽ 3 ഹൈജീനിക് കോഫി ഷോപ്പുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

15. കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് 'അക്ഷരംമ്യൂസിയം' - Museum of Letter, Literature & Culture. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നല്കിക്കൊണ്ട് വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്.

16. സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറ്റദിന കർമ്മപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖാന്തിരം വ്യക്തികൾക്ക് വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് പരമാവധി 3 ലക്ഷം രൂപ വരെ വായ്പ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**17.** സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)

കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ളതാണ് ടി പദ്ധതി. ഉൽപ്പാദനത്തിലും, സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവർത്തികളെയും പരിപോഷിപ്പിച്ച് നടപ്പിലാക്കുന്നു.

18. ശുചിത്വകേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ ഇ - മാലിന്യങ്ങൾ, ജൈവ അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണം, സംസ്കരണം എന്നിവ നടപ്പിലാക്കുകയുണ്ടായി. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സമ്പൂർണ്ണ

| | | | |
|---|---|---|---|
| | | | ശുചിത്വം ലക്ഷ്യമിട്ട് 'നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ വകുപ്പിലൂടെ' എന്നൊരു പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. കാർബൺഡൈഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനവും ആഗിരണവും തുലനാവസ്ഥയിൽ എത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സംതുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (ബി) | നവരത്നസംഘങ്ങൾ എന്ന നിലയിലേയ്ക്ക് വിവിധ മേഖലകളിലെ സഹകരണ സംഘങ്ങളെ പ്രവർത്തന മികവുള്ളതാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല |
| (സി) | സഹകരണമേഖലയുടെ കൺസോർഷ്യം രൂപീകരിച്ച് അതിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ കാർഷിക, വ്യാവസായിക, ഉൾനാടൻ മത്സ്യകൃഷി മേഖലകളിലെ ഉല്പന്നങ്ങളും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും കേരളാ ബ്രാൻഡിംഗ് മുഖേന ലോകവിപണിയിലേക്ക് വ്യാപിപ്പിക്കാൻ കർമ്മപദ്ധതി ആവിഷ്കരിക്കാമോ? | (സി) | സഹകരണ ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷാ സ്റ്റാന്റേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിദേശരാജ്യങ്ങളിലേക്ക് നിലവിൽ കയറ്റുമതി ചെയ്യുന്നുമുണ്ട്.<br><br>സഹകരണ മേഖലയുടെ കൺസോർഷ്യം രൂപീകരിച്ച് അതിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ കാർഷിക, വ്യാവസായിക, ഉൾനാടൻ മത്സ്യകൃഷി മേഖലകളിലെ ഉല്പന്നങ്ങളും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും കേരള ബ്രാൻഡിംഗ് മുഖേന ലോകവിപണിയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾക്ക് വിധേയമായി ആവിഷ്കരിക്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ